# കരൂപ്പടന്ന കായൽ: സമരം അവസാനിക്കുന്നില്ല


പി. ഇന്ദുശേഖരൻ

(കഴിഞ്ഞ ലക്കം തുടർച്ച)

കരൂപ്പടന്നകായൽ മലിനീകരണത്തിനെതിരെ വെള്ളാങ്ങല്ലൂർ പഞ്ചായത്തിലെ കടലായി തെക്കിനിപ്പറമ്പിൽ ടി.എസ്.കൃഷ്ണനും കൊടുങ്ങല്ലൂർ പുല്ലൂറ്റ് പീടികപറമ്പിൽ പി. കെ. പത്മനാഭനും ആരംഭിച്ച പോരാട്ടത്തിന് 19 വർഷത്തെ പഴക്കമുണ്ട്. വർഷങ്ങളായിനിലനില്ലുന്ന രൂക്ഷമായ പരിസ്ഥിതിപ്രശ്നങ്ങൾക്കെതിരെ ഒരു ബഹുജനപ്രക്ഷോഭമോ സംഘടിത പ്രസ്ഥാനങ്ങളോ ഉയർന്നു വന്നിട്ടില്ലാത്ത പരിതസ്ഥിതിയിൽ ഇവർ രണ്ടുപേർ ചേർന്നു നടത്തിയ സാഹസികമായ പരിശ്രമങ്ങൾ ശ്രദ്ധേയമാകുന്നു. എൺപതുകളിൽ വെള്ളാങ്ങല്ലൂർ പഞ്ചായത്ത് പ്രസിഡണ്ടിന് വാക്കാലും രേഖാമൂലവും പരാതിപ്പെട്ടുകൊണ്ടായിരുന്നു തുടക്കം. പലവട്ടം പരാതികൾ ബോധിപ്പിച്ചിട്ടും ഫലമില്ലാതായപ്പോൾ 90കളിൽ നിയമയുദ്ധത്തിനിറങ്ങി. 1992 ഏപ്രിൽ 22ാം തിയ്യതി തൃശ്ശൂർ സബ്ഡിവിഷണൽ മജിസ്ട്രേട്ട് മുൻപാകെ ചകിരിമില്ലുകാരെയും മടൽ മുടയലുകാരെയും പ്രതി ചേർത്തുകൊണ്ട് ചകരിച്ചോറ് കായലിൽ തള്ളുന്നതിൽ നിന്ന് അവരെ പിൻതിരിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് അന്യായം സമർപ്പിച്ചു. 1992 ഓഗസ്റ്റ് 18ാം തിയതി ഈ അന്യായത്തിനു മേൽ റെവന്യൂഡിവിഷണൽ ഓഫീസർ നൽകിയ ഉത്തരവിൽ (condutional order) ചകിരി മില്ലിന്റെ പരിസരത്തുതന്നെ വലിയ ടാങ്ക് കെട്ടി ചകിരിച്ചോറു അവിടെ തള്ളണമെന്ന് നിർദ്ദേശിച്ചു. ഇതെത്തുടർന്ന് എതിർ പക്ഷക്കാർ അപ്രകാരം ചെയ്യാതിരിക്കുന്നതിന് ന്യായീകരണങ്ങൾ നിരത്തി. തങ്ങളെ പീഡിപ്പിക്കുക മാത്രമാണ് പരാതിക്കാരന്റെ ഉദ്ദേശ്യം. വ്യക്തിപരമായ വൈരാഗ്യമാണ് പരാതിയുടെ പിറകിലുള്ളത് തങ്ങൾ കായലിൽ ചകിരിച്ചോറിന്റെ അവശിഷ്ടങ്ങൾ തള്ളിയിടുന്നു എന്നു പറയുന്നതു ശരിയല്ല. ഇനി അപ്രകാരം ചെയ്താൽ പോലും അതുകൊണ്ട് മത്സ്യ സമ്പത്തിനോ മനുഷ്യാരോഗ്യത്തിനോ ഭീഷണിയൊന്നുമുണ്ടാവില്ലെന്ന് നൂറ്റാണ്ടുകളായി ഈ പ്രവൃത്തി ഇവിടെ നടന്നു പോരുന്നു വെന്നതിൽ നിന്നു തെളിയുന്നു. പല കോ-ഓപ്പറേറ്റിവ് സൊസൈറ്റികളുടെ മില്ലുകളും ചകിരി കായലിൽ ഒഴുക്കുന്നുണ്ട്. തങ്ങൾ അവശിഷ്ടങ്ങൾ നിക്ഷേപിക്കുന്നതു സ്വന്തം ഭൂമിയിലാണ്. ഇങ്ങനെപോവുന്നു അവരുടെ വാദങ്ങൾ R.D.O.യുടെ അന്വേഷണത്തിന് മറുപടിയായി കൊടുങ്ങല്ലൂർ തഹസിൽദാർ നൽകിയ റിപ്പോർട്ടിൽ കരൂപ്പടന്ന പാലത്തിന്റെ ഇരുവശങ്ങളിലുമായി കായലിൽ ചകിരിച്ചോറുമലകൾ കാണാമെന്നും ജലഗതാഗതത്തിന് തടസ്സം സൃഷ്ടിച്ച്കൊണ്ട് കായലിന്റെ വീതികുറഞ്ഞ് വരികയാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. വെള്ളാങ്ങല്ലൂർ പഞ്ചായത്ത് എക്സിക്യൂട്ടിവ് ഓഫീസറുടെ റിപ്പോർട്ടിൽ അവശിഷ്ടങ്ങൾ കായലിൽ തള്ളാൻ പഞ്ചായത്ത് അനുമതിനൽകിയിട്ടില്ലെന്നും കായലിലെ ചകിരിച്ചോറു നിക്ഷേപം മനുഷ്യർക്കും മത്സ്യങ്ങൾക്കും ഭീഷിണിയാണെന്നും സൂചിപ്പിച്ചിട്ടുണ്ട്. ഇരു ഭാഗക്കാരുടേയും വാദങ്ങൾ കേട്ടു ബന്ധപ്പെട്ടരേഖകൾ പരിശോധിച്ചും വിവാദഭൂമികൾ നേരിട്ട് സന്ദർശിച്ചും സംഗതികളുടെ യഥാർത്ഥ ചിത്രം മനസ്സിലാക്കിയ ആർ.ഡി.ഒ

ചകിരിച്ചോറു കായലിൽ തള്ളിയിടുന്നത് തടഞ്ഞുകൊണ്ടുള്ള വിധി 1993 ഫെബ്രുവരി 10ാം തിയ്യതി പുറപ്പെടുവിച്ചു. ആർ.ഡി.ഒ ഉത്തരവിനെ ലംഘിച്ചു കൊണ്ട് മടൽ വ്യവസായികൾ കായൽ മലിനീകരണം തുടരുകയാണുണ്ടായത്. കൃഷ്ണനും പത്മനാഭനും ഇതിനെതിരെ ഹൈക്കോടതിയെ സമീപിച്ചു. മലിനീകരണം തടയുന്നതിനു 1995 ഓക്ടോബർ 10ന് ഹൈക്കോടതി താല്ക്കാലിക ഉത്തരവിട്ടെങ്കിലും ആ ഉത്തരവും വ്യവസായികൾ മാനിച്ചില്ല. അവർക്കെതിരെ കോർട്ടലക്ഷ്യക്കേസു കൊടുത്തെങ്കിലും കോടതി വിധിമാനിച്ചു കൊള്ളാമെന്നും പ്രശ്നം ആവർത്തിക്കുകയില്ലെന്നും ബന്ധപ്പെട്ട കക്ഷികൾ ഉറപ്പു നൽകിയതിന്റെ അടിസ്ഥാനത്തിൽ ആ കേസു പിൻവലിച്ചു. എന്നാൽ ചകിരിമില്ലുകൾ തുടർന്നും മലിനീകരണം തുടർന്നു. മലിനീകരണ നിയന്ത്രണ ബോർഡ് പ്രശ്നത്തെപ്പറ്റി പഠിച്ച് നൽകിയ റിപ്പോർട്ടിൽ ചകിരിച്ചോറു മലിനീകരണത്തിന്റെ പാരിസ്ഥിതിക ഭീഷണികൾ വ്യക്തമായി ചൂണ്ടിക്കാട്ടിയിരുന്നിട്ടും ശാശ്വത പരിഹാരത്തിനു വഴിയൊരുങ്ങിയില്ല.

അവസാനം 1998 ഡിസംബർ 3ാം തിയ്യതി ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ശ്രീ സി.എസ്. രാജൻ കരൂപ്പടന്ന കായൽ മലിനീകരണത്തിനെതിരെ വിധിയെഴുതി. വിധിയുടെ പകർപ്പുകൾ ചകിരി മില്ലുകൾക്കും ചീഫ് സെക്രട്ടറിക്കും ആഭ്യന്തര സെക്രട്ടറിക്കും ഗ്രീവൻസ് സെൽ ഐ.ജിക്കും പൊല്യൂഷൻ കൺട്രോൾ ബോർഡ് റീജ്യണൽ ഡയറക്ടർക്കും കൊടുങ്ങല്ലൂർ ഇരിഞ്ഞാലക്കുട പോലീസ് സബ്ബ് ഇൻസ്പെക്ടർമാർക്കും കൊടുങ്ങല്ലൂർ മുൻസിപ്പൽ കമ്മീഷണർക്കും വെള്ളാങ്ങല്ലൂർ പഞ്ചായത്ത് എക്സിക്യൂട്ടിവ് ഓഫീസർക്കും അയക്കാൻ ജസ്റ്റിസ് ഉത്തരവ് പുറപ്പെടുവിച്ചു. കടലാസിൽ നേടിയ ഈ നിയമവിജയം ഇനിയും പ്രായോഗികതലത്തിലേക്ക് വന്നിട്ടില്ല. ഒന്നും സംഭവിച്ചിട്ടില്ലെന്ന മട്ടിൽ കരൂപ്പടന്ന കായലിൽ ഇപ്പോഴും മടൽമൂടൽ നടന്നു കൊണ്ടിരിക്കുന്നു.



ശക്തമായൊരു ബഹുജന പ്രസ്ഥാനത്തിന്റെ പിന്തുണയില്ലാതെ നേടിയ നിയമവിജയം പോലും കാര്യസാദ്ധ്യത്തിന് ഉപകരിക്കുകയില്ലെന്നതിന് ഉത്തമനിദർശനമാണ് കരൂപ്പടന്ന കായൽ മലിനീകരണ പ്രശ്നത്തിലുള്ള ഹൈക്കോടതി വിധി. ഉറച്ച ജനാടിത്തറയില്ലാതെ ഒരു സാമൂഹ്യ പ്രശ്നത്തിനും നീതി ലഭിക്കില്ല. നിയമം യഥാവിധി നടപ്പാക്കാൻ തക്കവണ്ണം അധികൃതരെ ചലിപ്പിക്കാനും കഴിയില്ല. കരൂപ്പടന്നയെ സംബന്ധിച്ചാണെങ്കിൽ ഭൂരിപക്ഷവും ഗൾഫുജോലിക്കാർ അധിവസിക്കുന്ന ഈ പ്രദേശത്ത് പൊതു ജനക്ഷേമപരിപാടികളുടെ പിറകിൽ ആളുകളെ അണിനിരത്തുക എളുപ്പമല്ല. ദേശത്തിന്റെ പൊതുവായ പിന്നോക്കാവസ്ഥയും വലിയൊരു പ്രശ്നമാണ്. കൃഷിയിടങ്ങളുടെ തകർച്ചയും ജലഗതാഗതത്തിലെ പ്രതിസന്ധിയും മത്സ്യസമ്പത്തിന്റെ നാശവും അനധികൃതമായ കായൽ കയ്യേറ്റവും പൊതുജനാരോഗ്യ പ്രശ്നങ്ങളുമൊക്കെ ചൂണ്ടിക്കാട്ടി കായൽ സംരക്ഷണത്തിൽ താല്പര്യമുണർത്താൻ വയ്യ. ഇവിടത്തെ പ്രധാന തൊഴിൽ മേഖലയായ കയർ വ്യവസായത്തിലെ തൊഴിൽ സാധ്യതകളെ അപകടപ്പെടുത്താനുള്ള ഒരു നീക്കമായേ അത് വ്യാഖ്യാനിക്കപ്പെടുകയുള്ളൂ. ഈ പ്രദേശത്ത് കയർ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് ജോലി സ്ഥിരതയില്ലെന്നതും കയർ വ്യവസായം തന്നെ പ്രതിസന്ധിയിലാണെന്നതും വേറെ കാര്യം. സമൂഹത്തിന് പൊതുവെ ദോഷകരമായ പ്രവൃത്തികളിൽ നിന്നും ഒഴിഞ്ഞു നില്ലാനുള്ള മനഃസ്ഥിതി കുറഞ്ഞുവരുന്നുവെന്നതാണ് ശ്രദ്ധിക്കപ്പെടേണ്ട വസ്തുത.

ജീവിതത്തിന്റെ സുസ്ഥിതിക്ക് പരിസര ശുചിത്വം എത്രയോ പ്രധാനപ്പെട്ടതാണെന്ന് തിരിച്ചറിവുള്ള ഒരു ജനസമൂഹത്തിനേ നല്ലതായ എല്ലാറ്റിനേയും സംരക്ഷിക്കാനുള്ള മനസ്സുണ്ടാവൂ. അതിനാൽ സമൂഹത്തിന്റെ ഭദ്രതയും പരിസരത്തിന്റെ സുരക്ഷിതത്വവും ബലികഴിച്ചുകൊണ്ടുള്ള ഉദ്യമങ്ങളിൽ ചെന്നു ചാടാതിരിക്കാൻ ജനത്തിനെ ശീലിപ്പിക്കണം. അതിന് ഒട്ടേറെ ബോധവല്ക്കരണ പരിപാടികൾ വേണ്ടിവരും. എന്നാൽ ജനങ്ങൾക്ക് ബോധമുണ്ടാക്കിയിട്ടാവാം നാടിനെ ബാധിക്കുന്ന അടിസ്ഥാന പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള ശ്രമങ്ങൾ എന്നു വിചാരിക്കാനും പാടില്ല.

പ്രാദേശിക പ്രശ്നങ്ങൾ പ്രാദേശികമായിത്തന്നെ പരിഹരിക്കപ്പെടണമെന്ന് ശഠിക്കാനും വയ്യ. ജനങ്ങൾ വേണ്ടപോലെ ഉണർന്നിട്ടില്ലെന്നതിന്റെ പേരിൽ ദേശത്തിന്റെ വിശാലമായ താല്പര്യങ്ങൾ സംരക്ഷിക്കപ്പെടാതിരിക്കാൻ പാടില്ല. കരൂപ്പടന്നയിലേതു പോലുള്ള പ്രശ്നങ്ങൾ സംസ്ഥാനത്ത് പലയിടത്തുമുണ്ടാവും. എന്നാൽ ഒരു പ്രാദേശിക പ്രശ്നമെന്നതിനപ്പുറമുള്ള പരിഗണന അർഹിക്കുന്ന ഒരു വശം കരൂപ്പടന്നക്കുണ്ട്.

കേരള ചരിത്രത്തിൽ അതിനുള്ള സ്ഥാനവും ഇവിടത്തെ ജല ഗതാഗതവികസന സാധ്യതകളുമാണത്. ഒരു ചരിത്ര ഗവേഷണ കേന്ദ്രമായും ഇക്കോ ടൂറിസ്റ്റ് കേന്ദ്രമായും വികസിപ്പിച്ചെടുക്കാനും കഴിഞ്ഞേക്കും. ഇന്നിപ്പോൾ കായലിനുവേണ്ടിയുള്ള ഹൈക്കോടതി വിധി മാനിക്കണമെന്നു പോലും നാടുകാർക്ക് തോന്നുന്നില്ല.

നിയമം നടപ്പാക്കേണ്ട ഗവൺമെന്റ് ഏജൻസികൾ പോലും തങ്ങളുടെ കർത്തവ്യം നിർവ്വഹിക്കുന്നില്ല. ഈ സാഹചര്യത്തിൽ കേരളത്തിലെമ്പാടുമുള്ള നദി സംരക്ഷണ പ്രവർത്ത[]കരുടെയും പരിസ്ഥിതി പ്രവർത്തകരുടെയും ഒരു കൈത്താങ്ങ് കൃഷ്ണന്റെ യത്നങ്ങൾക്ക് സമ്പാദിച്ചെടുക്കേണ്ടതുണ്ട്. എത്രയും വേഗം ഹൈക്കോടതി വിധി നടപ്പാക്കാനും വിധി ലംഘിച്ചവർക്കെതിരെ നടപടികൾ സ്വീകരിക്കാനും ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിന് നിവേദനം നൽകാൻ സന്മനസ്സുള്ള സംഘടനകളുടെയും പരിസ്ഥിതി പ്രവർത്തകരുടെയും ശ്രദ്ധ കരൂപ്പടന്നയിലേക്ക് തിരിക്കണമെന്നുദ്ദേശിച്ചു കൊണ്ടാണ് സമീപ പ്രദേശമായ കോണത്തുകുന്ന് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന "വിസ്ഡാസ്" എന്ന സന്നദ്ധ സംഘടന

കരൂപ്പടന്ന കായൽ സംരക്ഷണ സമിതി രൂപികരിക്കാനും അതിനെ [illegible] നദി സംരക്ഷണ സമിതിയുടെ ഭാഗമാക്കാനും സമിതിയുടെ ഒന്നാം സംസ്ഥാന സമ്മേളനം കരൂപ്പടന്നയിൽ വെച്ച് നടത്താനും മുൻകൈയെടുത്തത്.

കരൂപ്പന്ന കായൽ പ്രശ്നത്തിലേക്ക് ജനശ്രദ്ധ ആകർഷിക്കാനുദ്ദേശിച്ചു കൊണ്ട് വിപുലമായൊരു പരിസ്ഥിതി സമ്മേളനം വിളിച്ചുകൂട്ടണമെന്ന്ഉദ്ദേശിക്കുന്നു. ഇതോടൊപ്പം ചകിരി മില്ലുകാരേയും തൊഴിലാളി പ്രതിനിധികളെയും ബന്ധപ്പെട്ട പഞ്ചായത്ത് മുൻസിപ്പാലിറ്റി അധികൃതരെയും സാമൂഹിക- സാംസ്കാരിക പ്രവർത്തകരേയും പരിസ്ഥിതി പ്രവർത്തകരേയും മലിനീകരണ ബോർഡ് ഉദ്യോഗസ്ഥന്മാരെയും നിയമപാലകരേയും നിയമ വിദഗ്ധരേയും ഒരുമിച്ചിരുത്തി പ്രശ്നം ചർച്ച ചെയ്തു പരിഹരിക്കാനുള്ള സാധ്യതയും പരിശോധിക്കുന്നുണ്ട്.

കൃഷ്ണന്റെ സദുദ്യമത്തിന് ധാർമ്മികവും സാങ്കേതികവും സാമ്പത്തികവുമായ സഹായങ്ങൾ ആവശ്യമുണ്ട്. ഈ സംരംഭത്തിൽ സഹകരിക്കാൻ താല്പര്യമുള്ളവരുടെ നിരീക്ഷണങ്ങളും നിർദ്ദേശോപദേശങ്ങളും സഹായ വാഗ്ദാനങ്ങളും താഴെ കാണുന്ന വിലാസത്തിൽ അയക്കാനപേക്ഷിക്കുന്നു.

ഡയറക്ടർ,
'വിസ്ഡാസ്',
പി. ഒ. കോണത്തുകുന്ന്
തൃശൂർ ജില്ല - 680123.